ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 18.06S.202 TIME : 07.25 AM

## പ്രധാന വാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ അഞ്ച് ദിവസത്തെ മധ്യപ്രദേശ്- ഒഡിഷ സന്ദർശനത്തിന് ഇന്ന് തുടക്കം.

   President Droupadi Murmu will embark on a five-day visit to Madhya Pradesh and Odisha beginning today.

2. ഫ്രാൻസ് സന്ദർശനത്തിന്റെ അവസാന പാദത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പാരീസിലെത്തി. സാങ്കേതികവിദ്യ, സ്റ്റാർട്ടപ്പ് പരിപാടിയായ വിവാടെക് 2026 ൽ പ്രധാനമന്ത്രി  പങ്കെടുക്കും.

   Prime Minister Narendra Modi arrived in Paris  for the final leg of his visit to France.  PM Modi will attend the VivaTech 2026, today

3. G7 ഉച്ചകോടിക്കിടെ പ്രധാനമന്ത്രി യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യ-യുഎസ് സമഗ്ര ആഗോള തന്ത്രപര പങ്കാളിത്തം ചർച്ചയായി.

   Prime Minister Narendra Modi met US President Donald Trump on the sidelines of the G7 Summit. The India-US Comprehensive Global Strategic Partnership was discussed.

4. ഇന്ത്യ-യുകെ സമഗ്ര സാമ്പത്തിക, വ്യാപാര കരാർ അടുത്ത മാസം 15 ന് പ്രാബല്യത്തിൽ വരുമെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയം.

**India and United Kingdom have announced that the Comprehensive Economic and Trade Agreement (CETA) will come into force on 15th of July, this year**

5. കേരളത്തിൽ ഷിഗെല്ല - നിപ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കി ആരോഗ്യ വകുപ്പ്. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളും ഊർജിതം.

**In Kerala, health Department has intensified Shigella-Nipah prevention activities in Kerala. Epidemic prevention activities are also in full swing.**

6. ഐസിസി വനിതാ ട്വന്റി ട്വന്റി ലോകകപ്പ് ക്രിക്കറ്റിൽ നെതർലൻഡ്സിനെതിരെ ഇന്ത്യക്കു ജയം. ഫിഫാ ലോകകപ്പ് ഫുട്ബോളിൽ പോർച്ചുഗലിനെ സമനിലയിൽ തളച്ച് കോംഗോ.

**In ICC Women's Twenty20 World Cup cricket, India wins against Netherlands and in FIFA World Cup football Portugal - Congo match end in a draws**

❁❁❁❁❁❁❁❁❁❁❁❁❁

## PREZ-MP VISIT

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ അഞ്ച് ദിവസത്തെ മധ്യപ്രദേശ്- ഒഡിഷ സന്ദർശനത്തിന് ഇന്ന്

തുടക്കം. മധ്യപ്രദേശിലെ ബേതുലിൽ ഗോത്ര സമൂഹത്തിന്റെ ശാക്തീകരണത്തെക്കുറിച്ചുള്ള ഒരു പരിപാടിയിൽ രാഷ്ട്രപതി പങ്കെടുക്കും. നാളെ, ഓംകാരേശ്വറിൽ അരിവാൾ രോഗ ദിനത്തോടനുബന്ധിച്ചുള്ള പരിപാടിയിൽ പങ്കെടുക്കുന്ന രാഷ്ട്രപതി ഒഡീഷയിലെ റായ് രംഗ്പൂരിൽ എയിംസ് ഭുവനേശ്വർ സംഘടിപ്പിക്കുന്ന ഒരു മെഡിക്കൽ ക്യാമ്പും ഉദ്ഘാടനം ചെയ്യും. മറ്റന്നാൾ പ്രധാനമന്ത്രി നരേന്ദ്ര മോദിയോടൊപ്പം വിവിധ പരിപാടികളിലും രാഷ്ട്രപതി സംബന്ധിക്കും.

❁❁❁❁❁❁❁❁❁❁❁❁❁

## PM – PARIS VISIT(INTRO)

ഫ്രാൻസ് സന്ദർശനത്തിന്റെ അവസാന പാദത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നലെ പാരീസിലെത്തി. ഫ്രഞ്ച് തലസ്ഥാനത്ത് ഇന്ത്യൻ സമൂഹം പ്രധാനമന്ത്രിക്ക് ഊഷ്മള സ്വീകരണം നൽകി. പ്രധാനമന്ത്രിയുടെ പാരീസ് സന്ദർശനം പ്രതിരോധം,ആണവോർജം തുടങ്ങിയ മേഖലകളിലെ ഇന്ത്യ-ഫ്രാൻസ് ബന്ധം കൂടുതൽ ശക്തിപ്പെടുത്തും.

***(ഒരു റിപ്പോർട്ട്)***

❁❁❁❁❁❁❁❁❁❁❁❁❁

## PM – PARIS VISIT(VOICE)

പാരീസിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി യൂറോപ്പിലെ ഏറ്റവും വലിയ സാങ്കേതികവിദ്യ, സ്റ്റാർട്ടപ്പ് ഇവന്റായ വിവാടെക് 2026 ൽ ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോയ്ക്കൊപ്പം പങ്കെടുക്കും. ഇന്ത്യയുടെ വളർന്നുവരുന്ന ഇന്നൊവേഷൻ ആവാസവ്യവസ്ഥയും സാങ്കേതിക പുരോഗതിയും പരിപാടിയിൽ ചർച്ചയാകും. ഇന്ത്യൻ സമൂഹത്തെയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും. ജി7 ഉച്ചകോടിയിൽ പങ്കെടുത്ത ശേഷമാണ് പ്രധാനമന്ത്രി പാരീസിലെത്തിയത്. ജി7 ഉച്ചകോടിക്കിടെ, യുഎസ് പ്രസിഡന്റ് ഡൊണൾഡ് ട്രംപ്, യുകെ പ്രധാനമന്ത്രി കെയർ സ്റ്റാർമർ, ഉക്രെയ്ൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കി, യൂറോപ്യൻ യൂണിയൻ നേതാവായ ഉർസുല വോൺ ഡെർ ലെയ്ൻ തുടങ്ങി നിരവധി ലോക നേതാക്കളുമായി ശ്രീ മോദി കൂടിക്കാഴ്ച നടത്തി.പശ്ചിമേഷ്യൻ പ്രതിസന്ധി വികസ്വര രാജ്യങ്ങളിൽ ദീർഘകാലമായി നിലനിൽക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള ആശങ്കകൾ കൂടിക്കാഴ്ചയിൽ ചർച്ച ആയതായി പ്രധാനമന്ത്രി പറഞ്ഞു. നിർമിത ബുദ്ധിയുടെ കാര്യത്തിൽ സുരക്ഷിതവും, എല്ലാവരെയും ഉൾക്കൊള്ളുന്നതും, മനുഷ്യകേന്ദ്രീകൃതവുമായ ഒരു സമീപനം പ്രധാനമന്ത്രി നരേന്ദ്ര മോദി ആഹ്വാനം ചെയ്തു. മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളെയും പരിവർത്തനം ചെയ്യാൻ നിർമിത ബുദ്ധിക്ക് കഴിവുണ്ടെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി.

*ന്യൂസ് ഡെസ്ക് ആകാശവാണി*

## PM MODI-TRUMP (INTRO)

ഫ്രാൻസിൽ നടക്കുന്ന G7 ഉച്ചകോടിക്കിടെ പ്രധാനമന്ത്രി നരേന്ദ്ര മോദി യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായി കൂടിക്കാഴ്ച നടത്തി. പ്രതിരോധം, വ്യാപാരം, ഊർജ്ജം, തുടങ്ങിയമേഖലകളിലെ സഹകരണം, ഇന്ത്യ-യുഎസ് COMPACT സംരംഭത്തിന് കീഴിൽ കൈവരിച്ച പുരോഗതി എന്നിവ സംബന്ധിച്ച് ഇരു നേതാക്കളും വിലയിരുത്തി. ഇന്ത്യ-യുഎസ് സമഗ്ര ആഗോള തന്ത്രപരമായ പങ്കാളിത്തം, ഇന്തോ-പസഫിക് മേഖലയിലെ സമാധാനം, സ്ഥിരത, സമൃദ്ധി എന്നിവയെ സംബന്ധിച്ചും ചർച്ച നടന്നു. പശ്ചിമേഷ്യയിൽ സമാധാനവും സ്ഥിരതയും പുനഃസ്ഥാപിക്കുന്നതിൽ ട്രംപിന്റെ ശ്രമങ്ങളോടുള്ള നന്ദി പ്രധാനമന്ത്രി നരേന്ദ്രമോദി ആവർത്തിച്ചു.

***(........... വോയിസ്........)***

## INDIA -UK

ഇന്ത്യ-യുകെ സമഗ്ര സാമ്പത്തിക, വ്യാപാര കരാർ ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരവും നിക്ഷേപവും ഗണ്യമായി വർദ്ധിപ്പിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇരു രാജ്യങ്ങളും തമ്മിലുള്ള സമഗ്ര സാമ്പത്തിക,

വ്യാപാര കരാര്‍ അടുത്ത മാസം 15 ന് പ്രാബല്യത്തില്‍ വരും. ഡബിള്‍ കോണ്‍ട്രിബ്യൂഷന്‍ കണ്‍വെന്‍ഷന്‍ എന്ന സാമൂഹിക സുരക്ഷാ കരാറും അതേ ദിവസം തന്നെ പ്രാബല്യത്തില്‍ വരുമെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയം അറിയിച്ചു. സി. ഇ. ടി. എ. യും ഡബിള്‍ കോണ്‍ട്രിബ്യൂഷന്‍ കണ്‍വെന്‍ഷനും ഒരേസമയം നടപ്പിലാക്കുന്നത് രാജ്യത്തിന്‍റെ കയറ്റുമതിക്ക് ഗണ്യമായ പുതിയ അവസരങ്ങള്‍ തുറക്കുമെന്ന് കേന്ദ്രമന്ത്രി പിയുഷ് ഗോയല്‍ അഭിപ്രായപ്പെട്ടു.

## YOGA

അന്താരാഷ്ട്ര യോഗാ ദിനത്തിനുള്ള വിപുലമായ ഒരുക്കങ്ങള്‍ രാജ്യത്ത് പുരോഗമിക്കുന്നു. കൊല്‍ക്കത്തയില്‍ ഈ മാസം 21 ന് നടക്കുന്ന യോഗ ദിനാചരണ പരിപാടികള്‍ക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി നേതൃത്വം നല്‍കും. "ആരോഗ്യകരമായ വാര്‍ദ്ധക്യത്തിന് യോഗ" എന്നതാണ് ഇത്തവണത്തെ യോഗ ദിനാചരണ പ്രമേയം.

## AYUSH YOGA SANGAM

അന്താരാഷ്ട്ര യോഗ ദിനാചരണത്തിന്റെ ഭാഗമായി 1.7 ലക്ഷത്തിലധികം സംഘാടകര്‍ യോഗ സംഗമം പോര്‍ട്ടലില്‍ രജിസ്റ്റര്‍ ചെയ്തതായി കേന്ദ്ര ആയുഷ് മന്ത്രാലയം

അറിയിച്ചു. യോഗയുടെ ഗുണങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലും എത്തിച്ചേരുന്നുവെന്ന് ഉറപ്പാക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് കേന്ദ്ര മന്ത്രി പ്രതാപ് റാവു ജാദവ് പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## PADMA

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ ഈ മാസം 23 ന് നടക്കുന്ന ചടങ്ങിൽ നടൻ മമ്മൂട്ടി പദ്മഭൂഷൺ സ്വീകരിക്കും. കഴിഞ്ഞ മാസം ആദ്യം, 66 പേർക്ക് പത്മ പുരസ്കാരം സമ്മാനിച്ചിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁

## STATE BUDJET

മുഖ്യമന്ത്രി വി ഡി സതീശൻ നയിക്കുന്ന യു ഡി എഫ് സർക്കാരിൻറെ ആദ്യ ബജറ്റ് നാളെ. ധനവകുപ്പിൻറെ ചുമതല കൂടി വഹിക്കുന്ന മുഖ്യമന്ത്രിയാണ്, ബജറ്റ് നിയമസഭയിൽ അവതരിപ്പിക്കുന്നത്. ഈ മാസം 22 മുതൽ സഭയിൽ ബജറ്റിന്മേലുള്ള പൊതുചർച്ച നടക്കും. ജൂലൈ ഒന്നിന് ധനവിനിയോഗ ബിൽ സഭയിൽ അവതരിപ്പിക്കും .

❁❁❁❁❁❁❁❁❁❁❁❁❁

## SHIGELLA

കേരളത്തിൽ ഷിഗെല്ല - നിപ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തം. ഒരു ഷിഗെല്ല മരണം കൂടി റിപ്പോർട്ട് ചെയ്യു. മലപ്പുറം സ്വദേശിയായ 75കാരിയാണ് മരിച്ചത്. കണ്ണൂർ ജില്ലയിൽ രണ്ട് പേർക്ക് കൂടി ഷിഗല്ല റിപ്പോർട്ട് ചെയ്യു. കൂത്തുപറമ്പിലെ 62 വയസ്സുകാരിക്കും പാപ്പി നിശ്ശേരിയിലെ ആറു വയസുകാരിയിലുമാണ് രോഗം സ്ഥിരീകരിച്ചത്.

കോഴിക്കോട് ജില്ലയിൽ പുതിയ നിപ കേസുകൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

❁❁❁❁❁❁❁❁❁❁❁❁❁

## WAYANAD-FEVER DEATH

സംസ്ഥാനത്ത് ആരോഗ്യ വകുപ്പിൻറെ നേതൃത്വത്തിൽ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ തുടരുകയാണ്. തൃശൂർ കൊടുങ്ങല്ലൂരിൽ പനി ബാധിച്ച് ചികിത്സയിലായിരുന്ന കെ.എസ്.ഇ.ബി ജീവനക്കാരൻ മരിച്ചു. പാലക്കാട് ഡെങ്കിപ്പനി ബാധിച്ച് ഒരു മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വയനാട്ടിൽ കടുത്ത പനിയും ഛർദിയും ബാധിച്ച് ആദിവാസി യുവതി മരിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## UN GLOBAL HUNGER(INTRO)

ലോകത്തുടനീളം വരും മാസങ്ങളിൽ 13 ആഗോള ഹോട്ട്സ്പോട്ടുകളിൽ ഭക്ഷ്യ ക്ഷാമം രൂക്ഷമാകുമെന്ന് ഐക്യരാഷ്ട്രസഭ ഭക്ഷ്യ ഏജൻസിയുടെ മുന്നറിയിപ്പ്. ഏകദേശം 266 ദശലക്ഷം ജനങ്ങൾ ഇതിനകം തന്നെ ഉയർന്ന തോതിലുള്ള ഭക്ഷ്യ അരക്ഷിതാവസ്ഥ നേരിടുന്നുണ്ടെന്ന് ഭക്ഷ്യ-കാർഷിക സംഘടന- ലോക ഭക്ഷ്യ പദ്ധതി എന്നിവയുടെ സംയുക്ത റിപ്പോർട്ടിൽ വ്യക്തമാക്കി. ***(വിശദാംശങ്ങളിലേക്ക്)***

## UN GLOBAL HUNGER(VOICE)

സംഘർഷം, കാലാവസ്ഥാ വ്യതിയാനം ,മൂലധന ക്ഷാമം എന്നിവയാണ് ഭക്ഷ്യ ക്ഷാമത്തിന് കാരണമായി റിപ്പോട്ടിൽ ചൂണ്ടികാണിക്കുന്നത് . മാനുഷിക ആവശ്യങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുമ്പോഴും 2022 മുതൽ ഭക്ഷ്യ സഹായത്തിനുള്ള ധനസഹായം ഏകദേശം 60 ശതമാനം കുറഞ്ഞുവെന്ന് റിപ്പോർട്ട് അഭിപ്രായപ്പെട്ടു. സുഡാൻ, ദക്ഷിണ സുഡാൻ, യെമൻ, പലസ്തീൻ നൈജീരിയ സൊമാലിയ എന്നീ രാജ്യങ്ങളെ ഉയർന്ന അപകടസാധ്യതയുള്ള പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മിഡിൽ ഈസ്റ്റ് സംഘർഷത്തിന്റെയും കിഴക്കൻ കോംഗോയിലെ എബോള പൊട്ടിപ്പുറപ്പെടലിന്റെയും പ്രത്യാഘാതങ്ങൾ ഉപജീവനമാർഗ്ഗത്തെ തടസ്സപ്പെടുത്തുന്നുണ്ടെന്ന് യുഎൻ ഏജൻസികൾ മുന്നറിയിപ്പ് നൽകി.

## FIFA WORLD CUP

ഫിഫാ ലോകകപ്പ് ഫുട്ബോളിൽ ഇംഗ്ലണ്ടിന് വിജയത്തുടക്കം. അമേരിക്കയിലെ ആർലിംഗ്ടണിൽ നടന്ന മത്സരത്തിൽ ക്രൊയേഷ്യയെ രണ്ടിനെതിരെ 4 ഗോളുകൾക്കാണ് ഇംഗ്ലണ്ട് പരാജയപ്പെടുത്തിയത്. ഇംഗ്ലണ്ട് ക്യാപ്റ്റൻ ഹാരി കെയ്ൻ രണ്ട് ഗോളുകൾ നേടി. യുഎസിലെ ഹൂസ്റ്റണിൽ നടന്ന മത്സരത്തിൽ ശക്തരായ പോർച്ചുഗലിനെ ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോ 1-1 ന് സമനിലയിൽ തളച്ചു.

## WOMENS T20 WORLD CUP

ഐസിസി വനിതാ ട്വന്റി ട്വന്റി ലോകകപ്പ് ക്രിക്കറ്റിൽ നെതർലൻഡ്സിനെതിരെ ഇന്ത്യക്കു ജയം. ഇന്നലെ നടന്ന ഗ്രൂപ്പ് എ മത്സരത്തിൽ ഇന്ത്യ 95 റൺസിനാണു നെതർലൻഡ്സിനെ പരാജയപ്പെടുത്തിയത് . സ്മൃതി മന്ദാനയാണ് കളിയിലെ താരം.

## CRICKET-INDIA-AFGHANISTAN

ലഖ്നൗവിൽ നടക്കുന്ന ഇന്ത്യ- അഫ്ഗാനിസ്ഥാൻ ഏകദിന ക്രിക്കറ്റിൽ ഇന്ത്യക്കു ജയം. മൂന്ന് മത്സര പരമ്പരയിലെ രണ്ടാം ഏകദിനത്തിൽ അഫ്ഗാനിസ്ഥാനെ 170 റൺസിന് ഇന്ത്യ പരാജയപ്പെടുത്തി. ഇതോടെ രണ്ടു മത്സരങ്ങൾ വിജയിച്ച ഇന്ത്യ പരമ്പര സ്വന്തമാക്കി. മൂന്നാമത്തെയും അവസാനത്തെയും മത്സരം ശനിയാഴ്ച ചെന്നൈയിൽ നടക്കും.

## WORLD BOXING CUP

ചൈനയിലെ ഗുയാങ്ങിൽ നടക്കുന്ന ലോക ബോക്സിംഗ് കപ്പിൽ മികച്ച പ്രകടനവുമായി ഇന്ത്യൻ ബോക്സർമാർ . പുരുഷന്മാരുടെ 55 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യയുടെ നിഖിൽ ക്വാർട്ടർ ഫൈനലിലെത്തി . 70 കിലോഗ്രാം വിഭാഗത്തിൽ ദീപക് ജപ്പാൻ താരത്തെ പരാജയപ്പെടുത്തി. വനിതകളുടെ 65 കിലോഗ്രാം വിഭാഗത്തിൽ, സനേഹ് ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു. ലോക ബോക്സിംഗ് കപ്പ് ഞായറാഴ്ച അവസാനിക്കും.

## RAIN KERALA

കേരളത്തിൽ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം എന്നീ 7 ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

## CENSUS

സംസ്ഥാനത്ത് സെൻസസ് 2027 ൻറെ ഭാഗമായി സെൽഫ് എന്യൂമറേഷൻ നടപടികൾ പുരോഗമിക്കുന്നു. ഈ മാസം അവസാനം വരെ നീളുന്ന 15 ദിവസത്തെ സെൽഫ് എന്യൂമനേഷൻ കാലയളവിൽ പൊതുജനങ്ങൾക്ക് se.census.gov.in എന്ന പോർട്ടലിലൂടെ വിവരങ്ങൾ സമർപ്പിക്കാം.

## GOVT - 12 YEARS - NAXAL

കഴിഞ്ഞ 12 വർഷകാലയളവിൽ രാജ്യത്തെ നക്സൽ പ്രവർത്തനങ്ങൾ ഉന്മൂലനം ചെയ്യുന്നതിനും പ്രശ്ന ബാധിത പ്രദേശങ്ങളിൽ അഭൂതപൂർവമായ വികസന പ്രവർത്തനം കൊണ്ടുവരുന്നതിനും കേന്ദ്ര സർക്കാർ നിരവധി നടപടികളാണ് സ്വീകരിച്ചത്. 2026 മാർച്ച് 31-ഓടെ രാജ്യത്തുനിന്നും നക്സലിസം പൂർണമായും തുടച്ചുനീക്കുമെന്ന് ആഭ്യന്തരമന്ത്രി അമിത് ഷാ ഔദ്യോഗികമായി പ്രഖ്യാപിച്ചിരുന്നു.

## PM- ROZGAR YOJANA

പിഎം വികസിത് ഭാരത് റോസ്ഗർ യോജന പ്രകാരം 2,400 കോടിയോളം രൂപയുടെ ഇൻസെന്റീവുകൾ പ്രധാനമന്ത്രി

നരേന്ദ്ര മോദി വെള്ളിയാഴ്ച ന്യൂഡൽഹിയിൽ വിതരണം ചെയ്യും. കഴിഞ്ഞ വർഷം ഓഗസ്റ്റ് ഒന്നിന് ആരംഭിച്ച പദ്ധതിക്കായി 99,446 കോടി രൂപയാണ് കേന്ദ്ര സർക്കാർ വകയിരുത്തിയിരിക്കുന്നത്. തിരുവനന്തപുരം, കൊല്ലം, കോട്ടയം , കൊച്ചി, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലും ഇതോടനുബന്ധിച്ച് പ്രത്യേക പരിപാടികൾ നടക്കും.